**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട**

**ചോദ്യം നം. 307** **15.12.2014 - ലെ മറുപടിക്ക്**

**വിദ്യാഭ്യാസ വായ്പാക്കുടിശ്ശിക തിരിച്ചടവിന് മോറട്ടോറിയം**

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. കെ. ടി. ജലീൽ<br>ശ്രീ. എ. പ്രദീപ്കുമാർ<br>,, കെ. രാധാകൃഷ്ണൻ<br>,, കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് വിദ്യാഭ്യാസ വായ്പാക്കുടിശ്ശിക തിരിച്ചടവിന് മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ടോ? എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) ഉണ്ട്. ബി.പി.എൽ. വിഭാഗത്തിൽ- പ്പെട്ടവരുടെ വിദ്യാഭ്യാസ വായ്പകളി- ന്മേലുള്ള റവന്യൂ റിക്കവറി നടപടികൾക്ക് ഏർപ്പെടുത്തിയിരുന്ന മോറട്ടോറിയം 10.10.2014 മുതൽ ആറ് മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവിന് തുടർച്ചയായി 01.04.2009 -ന് മുൻപ് വിദ്യാഭ്യാസ വായ്പയെടുത്ത 4.5 ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ളവർക്കായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പുതിയ വിദ്യാഭ്യാസ വായ്പ പലിശ സബ്സിഡിയ്ക്ക് അർഹരായ എല്ലാ അപേക്ഷകരുടേയും വിദ്യാഭ്യാസ വായ്പകളിന്മേലുള്ള റവന്യൂ റിക്കവറി നടപടികൾക്ക് 09.12.2014 മുതൽ ആറ് മാസത്തേയ്ക്ക് സ.ഉ.(കൈ) നം. 52/2014/ആസൂത്രണം നമ്പർ ഉത്തരവ് പ്രകാരം മോറട്ടോറിയം ഏർപ്പെടുത്തി ഉത്തരവായിട്ടുണ്ട്. |

( ------ 2)

(ബി) വിദ്യാഭ്യാസ വായ്പയിന്മേലുള്ള പലിശ ഇളവിനുള്ള നടപടികൾ സ്വീകരിച്ചി-ട്ടുണ്ടോ? എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(ബി) ഉണ്ട്. 01.04.2004 മുതൽ 31.03.2009 കാലഘട്ടത്തിൽ വിദ്യാഭ്യാസ വായ്പ എടുത്ത ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട തൊഴിൽ രഹിതർക്ക് പലിശ സബ്സിഡി അനുവദിക്കുന്നതിനുള്ള പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് അനുവദനീയമായ തുക അനുവദി-ക്കാനുള്ള നിർദ്ദേശം സർക്കാരിന് സമർപ്പിക്കാൻ ജില്ലാ കളക്ടർമാരെയാണ് ചുമതലപ്പെടുത്തിയിരുന്നത്. അതിൻ-പ്രകാരം 31.03.2014 വരെ കളക്ടർമാരിൽ നിന്നും ഫണ്ട് അനുവദിക്കാനായി ലഭിച്ച ശുപാർശകൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്. അതിനുശേഷം ജില്ലാ കളക്ടർമാരിൽ നിന്നും ലഭിച്ച ശുപാർശകൾ ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് പരിശോധിച്ചു വരുന്നു.

2009 ഏപ്രിൽ മുതൽ വിദ്യാഭ്യാസ വായ്പ എടുത്ത 4.5 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ളവർക്ക് വ്യവസ്ഥകൾക്ക് വിധേയമായി കേന്ദ്ര സർക്കാർ പലിശ സബ്സിഡി നൽകി വരുന്നുണ്ട്.

4.5 ലക്ഷം രൂപയിൽ താഴെ വാർഷിക കുടുംബ വരുമാനമുള്ള വിദ്യാർത്ഥികൾക്ക് പ്ലസ്-2 കഴിഞ്ഞുള്ള പ്രൊഫഷണൽ/ സാങ്കേതിക വിദ്യാഭ്യാസത്തിന് 01.04.2009-ന് ശേഷം വിതരണം ചെയ്ത തുകയ്ക്ക് കേന്ദ്ര സർക്കാരിന്റെ പലിശ സബ്സിഡി ലഭ്യമാണ്.

( ------ 3)

(സി) വിദ്യാഭ്യാസ വായ്പാകുടിശ്ശികയുടെ പേരിലുള്ള റിക്കവറിനടപടികൾ നിറുത്തി വയ്ക്കുവാൻ സംസ്ഥാന സർക്കാരുമായുള്ള ചർച്ചകളെ തുടർന്ന് ബാങ്കുകൾ സമ്മതിച്ചിട്ടുണ്ടോ? എങ്കിൽ അതിന്റെ വിശദാംശങ്ങൾ പറയാമോ?

(സി) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പ്രകാരമുളള മോറട്ടോറിയത്തിന് അനുസൃതമായ നടപടികൾ ബാങ്കുകൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) വിദ്യാഭ്യാസ വായ്പാകുടിശ്ശികയുടെ പേരിലുള്ള റിക്കവറി നടപടികൾ നിറുത്തി വയ്ക്കുമെന്ന് പ്രഖ്യാപിച്ചതിനു-ശേഷവും ബാങ്കുകൾ നടപടികളുമായി മുന്നോട്ടു പോകുന്നുവെന്ന പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(ഡി) പ്രസ്തുത പരാതികൾ ലഭിക്കുന്ന മുറയ്ക്ക് അവ സംസ്ഥാനതല ബാങ്കിംഗ് സമിതിയ്ക്കും ബന്ധപ്പെട്ട ബാങ്ക് ശാഖയ്ക്കും അയച്ചുകൊടുത്ത് പരിഹാരം കാണുന്നുണ്ട്.

സർക്കാർ പ്രഖ്യാപിച്ച 10.10.2014 മുതലുളള മോറട്ടോറിയത്തിന്റെ ആനുകൂല്യം വിദ്യാഭ്യാസ വായ്പ എടുത്ത അർഹരായ എല്ലാവർക്കും അനുവദി-ക്കേണ്ടതാണെന്ന വിഷയം 28.11.2014–ൽ കൂടിയ 114–ാമത് എസ്.എൽ.ബി.സി. യോഗത്തിൽ അജണ്ടയായി ഉൾപ്പെടുത്തി ചർച്ച ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - 4.5 ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള, കേന്ദ്ര സർക്കാർ പലിശ സബ്സിഡിയ്ക്ക് അപേക്ഷിച്ചവരുടെ വിദ്യാഭ്യാസ വായ്പകളിന്മേലുള്ള റവന്യൂ റിക്കവറി നടപടികൾ മരവിപ്പിയ്ക്കൽ (മോറട്ടോറിയം) - ആറു മാസത്തേക്ക് നൽകികൊണ്ട് ഉത്തരവാകുന്നു.

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

**ആസൂത്രണ സാമ്പത്തികകാര്യ (എഫ്) വകുപ്പ്**

സ.ഉ. (കൈയ്യെഴുത്ത്) നം. **52/2014/പ്ലാനിംഗ്** തിരുവനന്തപുരം, തീയതി: **09/12/2014**

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം - സ.ഉ. (കൈ) നമ്പർ. 45/2014/പ്ലാനിംഗ് തീയതി 07.10.2014.

**ഉത്തരവ്**

പരാമർശിത സർക്കാർ ഉത്തരവ് പ്രകാരം, ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവരുടെ വിദ്യാഭ്യാസ വായ്പകൾക്കുള്ള പലിശ സബ്സിഡി പൂർണ്ണമായി നൽകാൻ കഴിയാത്ത സാഹചര്യത്തിൽ ടി വിഭാഗത്തിൽപ്പെട്ടവർക്കുള്ള വിദ്യാഭ്യാസ വായ്പകളിന്മേലുള്ള റവന്യൂ റിക്കവറി നടപടികൾ മരവിപ്പിയ്ക്കൽ (മോറട്ടോറിയം) 10.10.2014 മുതൽ ആറ് മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. പുതിയ കേന്ദ്ര സർക്കാർ പലിശ സബ്സിഡി സ്കീം പ്രകാരം 4.5 ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ളവർ 01.04.2009 –ന് മുൻപ് എടുത്ത വിദ്യാഭ്യാസ വായ്പയുടെ 31.12.2013 വരെയുള്ള പലിശ ചില വ്യവസ്ഥകൾക്ക് വിധേയമായി കേന്ദ്ര സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. എന്നാൽ പ്രസ്തുത പലിശ സബ്സിഡി, അപേക്ഷിച്ച പലർക്കും ലഭ്യമായിട്ടില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(-----2)

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഈ സാഹചര്യത്തിൽ പരാമർശിത സർക്കാർ ഉത്തരവിന് തുടർച്ചയായി, കേന്ദ്ര സർക്കാരിന്റെ പുതിയ വിദ്യാഭ്യാസ വായ്പ പലിശ സബ്സിഡിയ്ക്ക് അർഹരായ എല്ലാ അപേക്ഷകരുടേയും വിദ്യാഭ്യാസ വായ്പകളിന്മേലുള്ള റവന്യൂ റിക്കവറി നടപടികൾക്ക് 6 മാസത്തേയ്ക്ക് മോറട്ടോറിയം ഏർപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

**പി. റെജി വർഗീസ്,**
**അഡീഷണൽ സെക്രട്ടറി**

എല്ലാ ജില്ലാ കളക്ടർമാർക്കും
ജനറൽ മാനേജർ, സംസ്ഥാനതല ബാങ്കിംഗ് സമിതി ( എല്ലാ ബാങ്കുകൾക്കും അയച്ചുകൊടുക്കുന്നതിനായി)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം
രജിസ്ട്രാർ, സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ
സെക്രട്ടറി, യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി, കേരള നിയമസഭ.
രജിസ്ട്രാർ, ഹൈക്കോടതി.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
സ്റ്റോക്ക്ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ.**

<u>പകർപ്പ്:-</u>

1. ബഹു. മുഖ്യമന്ത്രിയുടെ പി.എസ്. ന്
2. ബഹു. ഗ്രാമവികസന ആസൂത്രണ വകുപ്പ് മന്ത്രിയുടെ പി. എസ്. ന്
3. ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
4. ഉന്നതവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
5. പൊതുവിദ്യാഭ്യാസവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
6. ആസൂത്രണസാമ്പത്തികകാര്യവകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
7. സഹകരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
8. വിവര പൊതുജന സമ്പർക്ക (എ) വകുപ്പിന്